# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1897
# 08/03/2018 ൽ മറുപടി നൽകേണ്ടത്

## അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സമീപനം

**<u>ചോദ്യം</u>** **<u>മറുപടി</u>**

ശ്രീ. പി.കെ. ശശി

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| ക്രമ നം. | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഒന്ന്, രണ്ട് റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി ലഭ്യമാകുന്ന തുക എത്ര എന്നും ആയതിന്റെ വിന്യാസം എപ്രകാരമാണ് എന്നും വ്യക്തമാക്കുമോ; | 2016 – 17 മുതൽ 2020 – 2021 വരെയാണ് കമ്മീഷൻ അവാർഡ് കാലയളവ്. ഈ കാലയളവിലേക്കുള്ള മൊത്തം സംസ്ഥാന തനത് നികുതി വരുമാനവും അറ്റ സംസ്ഥാന തനത് നികുതി വരുമാനവും അതിന്റെ പ്രാദേശിക സർക്കാരുകൾക്കുള്ള വിന്യാസത്തിന്റെയും വിശദാംശം താഴെ കൊടുത്തിരിക്കുന്നു. |

**<u>തുക കോടിയിൽ</u>**

| വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| മൊത്തം സംസ്ഥാന തനത് നികുതി വരുമാനം | 44382 | 49709 | 55681 | 62377 | 69885 |
| അറ്റ സംസ്ഥാന തനത് നികുതി വരുമാനം | 42997 | 48123 | 53865 | 60298 | 67504 |
| പ്രാദേശിക സർക്കാരുകൾക്കുള്ള വിന്യാസം | 8599.48 | 10105.94 | 11850.44 | 13868.59 | 16201.19 |

| | | |
|---|---|---|
| (ബി) | ആയതിൽ യൂണിയൻ ധനകാര്യ കമ്മീഷന്റെ (U.F.C.S) സമീപനം എന്ത് എന്നും കമ്മീഷന്റെ സമീപനത്തിൽ ധനകാര്യ വകുപ്പ് സ്വീകരിക്കാൻ പോകുന്ന നടപടി ക്രമങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ; | യൂണിയൻ ധനകാര്യ കമ്മീഷൻ 2017 നവംബറിൽ രൂപീകരിച്ചിട്ടേ ഉള്ളൂ. ആയതിനാൽ അതിന്റെ സമീപനം ഇപ്പോൾ വ്യക്തമല്ല.<br>എന്നാൽ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ധനവിന്യാസവുമായി ബന്ധപ്പെട്ട ശുപാർശ സർക്കാർ സ്വീകരിച്ചിട്ടില്ല. മറിച്ച് അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന അക്കൗണ്ട്സിന്റെ വെളിച്ചത്തിൽ 2 വർഷത്തിന് മുൻപുള്ള അറ്റ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ നിശ്ചിത ശതമാനവും അതാത് വർഷത്തെ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ നിശ്ചിത ശതമാനം തുകയുമാണ് പ്രാദേശിക സർക്കാരുകൾക്ക് ധനവിന്യാസമായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാർ നൽകിയ ശുപാർശകളിൽ നിരസിച്ച ശുപാർശകൾ ഏതെല്ലാം എന്നും നിരസിക്കലിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ വേണ്ട എന്തു നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സർക്കാർ ശുപാർശകൾ നൽകാറില്ല; മറിച്ച്, തീരുമാനം എടുക്കുകയാണ് ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**